**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 286/2022**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പ. സഭയുടെ ഉടമസ്ഥതയിലും നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പ്രവർത്തിച്ചുവരുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, NBA (നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ) അംഗീകാരം നേടി അനുഗ്രഹകരമായി അതിന്റെ പ്രവർത്തന സരണിയിൽ മുന്നേറുന്നു എന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. നമ്മുടെ കോളേജിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്നതിനും ഉപരിപഠനത്തിനും തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനും ഈ അംഗീകാരം അവസരമൊരുക്കും. അദ്ധ്യാപനം, പാഠ്യേതര പരിപാടികൾ, റിസർച്ച്, കൺസൽറ്റേഷൻ പ്ലേസ്മെന്റ് തുടങ്ങിയവ NBA വിദഗ്ദ്ധ സമിതി പരിശോധിച്ച ശേഷം ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിനും സിവിൽ എഞ്ചിനീയറിംഗിനുമാണ് അംഗീകാരം ലഭിച്ചത്. കംപ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗിനും ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിനും NBA അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. 2022 -ൽ പാസ്സ് ഔട്ട് ആയവരിൽ 80% വിദ്യാർത്ഥികൾക്കും വിവിധ കമ്പനികളിലായി പ്ലേസ്മെന്റ് ലഭിച്ചു. NBA അംഗീകാരം ലഭിച്ച ഇടുക്കി ജില്ലയിലെ ഏക എഞ്ചിനീയറിംഗ് കോളേജാണ് പീരുമേട് എം. ബി. സി. എഞ്ചിനീയറിംഗ് കോളേജ്. കോളേജിന് നേരത്തെ തന്നെ മികവിന്റെ അംഗീകാരമായ NAAC B++ ഗ്രേഡ് ലഭിച്ചിരുന്നു.

എഞ്ചിനീയറിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന നമ്മുടെ കുട്ടികളെ പീരുമേട് എഞ്ചിനീയറിംഗ് കോളേജിൽ തന്നെ ചേർക്കുന്നതിന് നമ്മുടെ വൈദികരും രക്ഷിതാക്കളും മുൻകൈ എടുക്കണം. വിദ്യാർത്ഥികൾക്ക് ആരാധനയ്ക്കായി ക്യാമ്പസിനുള്ളിൽതന്നെ ചാപ്പൽ സ്ഥിതി ചെയ്യുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മികവുറ്റ സൗകര്യങ്ങളോടുകൂടെ വെവ്വേറെ ഹോസ്റ്റലുകൾ ക്രമീകരിച്ചിട്ടുണ്ട്. വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും ഉത്തരവാദിത്വത്തിൽ നടത്തപ്പെടുന്നതും മികച്ച സൗകര്യങ്ങളുള്ളതുമായ ഇവിടുത്തെ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ സൗജന്യ ട്യൂഷൻ നൽകുന്നതാണ്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകളും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോൺസർഷിപ്പോടുകൂടി അഡ്മിഷനും നേടാവുന്നതാണ്. അർഹരായവർ ഇടവക വികാരിയുടെ സാക്ഷ്യപത്രം, പ്ലസ് ടു മാർക്ക് ലിസ്റ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ സ്കാൻ ചെയ്ത് sponsorship@mbcpeermade.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾക്കായി കോളേജ് ഡയറക്ടർ ശ്രീ. പ്രിൻസ് വർഗീസുമായി (Mob: 90611 27243) ബന്ധപ്പെടാവുന്നതാണ്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എന്നീ ശാഖകളിൽ ബി. ടെക് കോഴ്സുകളിലേക്ക് 2022-23 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ നടന്നു വരുന്നു. കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനുമായി കോളേജ് PRO ശ്രീ. നികിത് കെ. സക്കറിയയുമായി (Mob: 9747031624, www.mbcpeermade.com) ബന്ധപ്പെടാവുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2022 ഓഗസ്റ്റ് മാസം 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**